



സൺഡേ സപ്ലിമെന്റ്

ON THE BATTLEFIELD FOR THE GREAT COMMISSION

# ക്രിസ്ത്യൻ ലൈവ് DAILY

24 MARCH 2024 | VOL 03 | ISSUE 083 | 782

# സിറിയയിൽ നിന്നും ക്രൈസ്തവരുടെ കൂട്ട പലായനം

## ആശങ്ക പ്രകടിപ്പിച്ച് സഭാനേതൃത്വം

**ഡമാസ്കസ് :** ക്രൈസ്തവർ അനിയന്ത്രിതമായ രീതിയിൽ വിവിധ രാജ്യങ്ങളിലേക്ക് കുടിയേറ്റം നടത്തുന്നതിൽ ആശങ്ക പങ്കുവെച്ച് സിറിയയിലെ ക്രൈസ്തവ നേതൃത്വം. വിഷയത്തിൽ സഭ ഇതിനോടകം മുന്നറിയിപ്പും നൽകി കഴിഞ്ഞു. സിറിയയിൽ ആകെ 1,75,000 ക്രൈസ്തവ കുടുംബങ്ങൾ മാത്രമേ ഉള്ളൂ എന്നാണ് കരുതപ്പെടുന്നത്. 90% സിറിയൻ പൗരന്മാരും മറ്റു രാജ്യങ്ങളിലേക്ക് കുടിയേറുന്നതിനെപ്പറ്റിയാണ് ആലോചിക്കുന്നതെന്ന് ഡമാസ്കസിൽ സേവനം ചെയ്യുന്ന വൈദികനായ ഫാ. ബസേലിയോസ് ജർജിയോസ് കത്തോലിക്കാ സന്നദ്ധ സംഘടനയായ എയ്ഡ് ടു ദ ചർച്ച് ഇൻ നീഡിനോട് വെളിപ്പെടുത്തി. ഒരു നൂറ്റാണ്ടിന് മുകളിലായി തുടരുന്ന ആഭ്യന്തര യുദ്ധങ്ങളും, വിലക്കയറ്റവും അതിദാരിദ്ര്യമാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇത് മൂലമാണ് ആളുകൾ മറ്റു രാജ്യങ്ങളിലേക്ക് പോകുന്നതെന്ന് വിവിധ പദ്ധതികളിൽ സംഘടനയുമായി ചേർന്ന് പ്രവർത്തിക്കുന്ന സിസ്റ്റർ ആനി ദമർജിയാൻ പറഞ്ഞു. 13 വർഷം നീണ്ട ദുരിതങ്ങൾക്ക് ശേഷം ആളുകൾ മടുത്തു കഴിഞ്ഞു, അവർക്ക് പ്രതീക്ഷകൾ നഷ്ടമായി. എന്നാൽ രാജ്യത്ത് തന്നെ നിലനിൽക്കാനുള്ള വ്യക്തമായ ഒരു കാരണം നൽകുകയാണെങ്കിൽ ക്രൈസ്തവർ ഇവിടെ തുടരുമെന്നും സിസ്റ്റർ പറയുന്നു.

താമസിക്കാൻ ഒരിടവും, ഒരു ജോലിയും ഉണ്ടെങ്കിൽ ക്രൈസ്തവർ ഇവിടെ തന്നെ തുടരുമെന്ന് ഫാ. ജർജിയോസും സ്ഥിരീകരിച്ചു. ക്രൈസ്തവരുടെ ക്ഷേമം ലക്ഷ്യമാക്കി ആരംഭിച്ച ക്രിസ്ത്യൻ ഹോപ് സെൻറർ ക്രൈസ്തവർക്ക് കച്ചവടം ആരംഭിക്കാൻ ചെറിയ ലോൺ തുകകൾ ഉൾപ്പെടെയുള്ള സഹായം നൽകുന്നുണ്ട്. എസിഎൻ സംഘടനയും ഇതിന് വലിയ പിന്തുണയുമായി രംഗത്തുണ്ട്. കൂടാതെ യുവജനങ്ങൾക്ക് വേണ്ടിയുള്ള പരിപാടികളും, പാവപ്പെട്ട കുടുംബങ്ങൾക്ക് പാല് വിതരണം ചെയ്യുന്നതും, കിൻഡർ ഗാർഡനും അടക്കം നിരവധി പദ്ധതികൾക്ക് സംഘടന ചുക്കാൻ പിടിക്കുന്നുണ്ട്.

2013ൽ മേഖലയിലേക്ക് അതിക്രമിച്ച് കയറിയ ഇസ്ലാമിക വിമത പോരാളികൾ ക്രിസ്തീയമായ അടയാളങ്ങളെ തുടച്ച് നീക്കുവാൻ നടത്തിയ ആക്രമണങ്ങളിൽ അനേകം ക്രൈസ്തവ ദേവാലയങ്ങൾ തകർന്നിരിന്നു. ആഭ്യന്തര യുദ്ധത്തിന് മുൻപ് രാജ്യത്തെ ജനസംഖ്യയുടെ 10 ശതമാനമായിരുന്നു ക്രൈസ്തവരുടെ അംഗസംഖ്യ. യുദ്ധം ആരംഭിച്ചതിനു ശേഷം വലിയ പീഡനങ്ങൾ അഭിമുഖീകരിച്ച പതിനായിരകണക്കിന് ക്രൈസ്തവർ മറ്റു രാജ്യങ്ങളിലേക്ക് പലായനം ചെയ്യുകയായിരിന്നു. ഫ്രാൻസിസ് മാർപാപ്പ നിരവധി തവണ സിറിയയിലെ ജനങ്ങളോടുള്ള തന്റെ ഐക്യദാർഢ്യം പ്രകടമാക്കിയിട്ടുണ്ട്. രാജ്യത്തെ ജനങ്ങൾ വിസ്മരിക്കപ്പെട്ടിട്ടില്ലായെന്നും, അവരുടെ ക്ഷേമത്തെ പറ്റി സഭയ്ക്ക് ആശങ്കയുണ്ടെന്നും സൂചിപ്പിച്ച് 2022ൽ ഡമാസ്കസ് കോൺഫറൻസിനോട് അനുബന്ധിച്ച് പാപ്പ സിറിയയിലെ ക്രൈസ്തവ വിശ്വാസികൾക്ക് കത്തയച്ചിരുന്നു.



**CARTOON:**




"What am I missing here? We walk on water all the time."

For CNL7 Contact : +91 98465 52220
For News : +91 99617 54528 / +91 85908 87173 cnl7news@gmail.com

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
24 MARCH 2024
VOL 03 | ISSUE 083 | 782

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ളിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

## വാഗ്ദത്ത വചനം

**മാർച്ച് 24**

യഹോവ നിന്റെ ഗമനത്തെയും; ആഗമനത്തെയും; ഇന്നുമുതൽ എന്നേയ്ക്കും, പരിപാലിക്കും'.

ക്രിസ്ത്യൻ ലൈവ് DAILY
**പരസ്യ നിരക്ക്**

**FULL PAGE**

| | |
|---|---|
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |

**HALF PAGE**

| | |
|---|---|
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |

**QUARTER PAGE**

| | |
|---|---|
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |

**HALF OF QUARTER PAGE**

| | |
|---|---|
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

എഡിറ്റോറിയൽ

# കയ്യില്ലാത്ത കല്ല്



പാസ്റ്റർ സണ്ണി പി. സാമുവേൽ

ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ അസൈൻമെന്റ്സിനു വളരെ പ്രാധാന്യമുണ്ട്. സെമിനാരി വിദ്യാഭ്യാസത്തിലും അവ ഒഴിച്ചുകൂടാനാവാത്തതാണ്. പാഠ്യവിഷയങ്ങളോടു ചേർന്നുവരുന്ന വിഷയങ്ങൾ ആയിരിക്കും അസൈൻമെന്റ് ആയി നല്കുന്നത്. തത്ത്വത്തിൽ ഒരു ഹോംവർക്ക് തന്നെയാണ് ഓരോ അസൈൻമെന്റും. അതു വിദ്യാർത്ഥി സ്വയമേവ നടത്തുന്ന പഠനത്തിന്റെ ആകെത്തുകയാണ്. അതു തയ്യാറാക്കുവാനായി ഈടുറ്റ ഗ്രന്ഥങ്ങൾ, ജേണൽസ് എന്നിവയുടെ സഹായം തേടണം, തേടിയിരിക്കണം. ഗ്രന്ഥം ഹാർഡ് കോപ്പി ലഭിക്കുന്നില്ലെങ്കിൽ ഇന്റെർനെറ്റിൽ പരതി ആധികാരികതയുള്ള സൈറ്റ്സിൽ നിന്നു വിവരങ്ങൾ ശേഖരിക്കാം. തുടർന്നു, വിവിധ സൈറ്റിൽ നിന്നു കിട്ടിയവ വിവരങ്ങൾ തമ്മിൽ താരതമ്യം ചെയ്തു പഠിക്കുന്ന വിഷയവുമായും, ബൈബിൾ ഉപദേശവുമായും നീതിപുലർത്തുന്നതു സ്വാംശീകരിച്ചു എടുക്കാം. അതു അവനവന്റെ സ്വതസിദ്ധശൈലിയിലും ഭാഷയിലും തയാറാക്കി എടുക്കണം. പ്രസ്തുത വിഷയം സംബന്ധിച്ചു താൻ എന്തു നിഗമനത്തിലെത്തി, താൻ എന്തു വിശ്വസിക്കുന്നു എന്നു പഠിതാവു ഉപസംഹാരത്തിൽ എഴുതിയിരിക്കണം.

ഒരു വിദ്യാർത്ഥിയെ സ്വയംപര്യാപ്തൻ ആക്കുന്നതിനു വേണ്ടിയാണു അസൈമെന്റ്സ് നല്കുന്നത്. ക്ലാസ് ലക്ചറിങ്, നോട്ട്സ് എന്നിവയിലൂടെ ലഭിക്കാത്ത വിവരങ്ങൾ വിദ്യാർത്ഥി ഗവേഷണബുദ്ധ്യാ കണ്ടെത്തി സ്വയം സജ്ജമാക്കുകയാണു (Self equipping) വേണ്ടത്. ഈ സ്വയം സംഭരണത്തിൽ (Self furnishing) വിദ്യാർത്ഥിയെ സഹായിക്കുവാനായി അന്തർദേശീയതലത്തിൽ നിഷ്കർഷിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും ആയ നിശ്ചിതനിയമങ്ങളുണ്ട്. ചോരണവും കോപ്പിയടിയും (Plagiarism) അസൈൻമെന്റിന്റെ ശത്രുക്കളാണ്. ഇന്ന ആൾ ഇന്ന കൃതിയിൽ ഇന്നതുപോലെ രേഖപ്പെടുത്തിയിരിക്കുന്നു എന്നു പറയുന്നതു ചോരണം അല്ല ഉദ്ധരണിയാണ്. അതു വിദ്യാർത്ഥി അറിഞ്ഞിരിക്കണം, പാലിച്ചിരിക്കണം.

എന്റെ പഠനത്തിന്റെ ആദ്യനാളുകളിൽ പുസ്തകത്തിൽനിന്നു പകർത്തിയെഴുത്തായിരുന്നു എന്റെ അസൈൻമെൻറ്സ്. എന്നാൽ, എന്റെ ഗുരുനാഥന്മാർ എന്നെ ശിക്ഷണം നടത്തി നന്നായി മിനുക്കിയെടുത്തു. അസൈൻമെന്റ് എഴുത്തിലൂടെ എഴുത്തുകാരനായ ഒരു വ്യക്തിയാണ് ഞാൻ. കൈകൊണ്ടു എഴുതിയാൽ കയ്യക്ഷരം നന്നാവുകയും അക്ഷരത്തിട്ടം ഉണ്ടാവുകയും ചെയ്യും. പരന്ന വായനയുള്ള ഒരുവനു മാത്രമേ നല്ല എഴുത്തുകാരൻ ആകുവാൻ കഴിയൂ. വായനാക്ഷമതയുള്ള (Readabiltiy) ആകർഷകമായ രചനാശൈലി ഒരു നല്ല സമ്പത്താണ്, സ്വത്വം (Identtiy) ആണ്.

ആധുനികയുഗത്തിൽ ടെക്നോളജി വിദ്യാഭ്യാസരംഗത്തു പിടിമുറുക്കിയപ്പോൾ അസൈൻമെന്റ്സ് സൈറ്റ്സിൽ നിന്നു കോപ്പി ആൻഡ് പേസ്റ്റിങ് ആയി മാറി. എന്നാൽ ഇന്നു അതു കാലഹരണപ്പെട്ട ടെക്നോളജിയാണ്. സ്ഥിതി അതിലും ഗുരുതരമായി മാറിയിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റെലിജെൻസ് (AI) ആണു അസൈൻമെന്റ് തയ്യാറാക്കുന്നത്. വിദ്യാർത്ഥികളുടെ ഈ കുബുദ്ധി കണ്ടുപിടിക്കുവാൻ അദ്ധ്യാപകരും സജ്ജരാണ്. അതിനു അവർക്കു അവരുടേതായ മാർഗ്ഗങ്ങൾ ഉണ്ട്. ചില വിദ്വാന്മാർ പണംകൊടുത്തു തങ്ങളുടെ പേപ്പേഴ്സ് എഴുതിക്കുന്നുണ്ട്.

ഗൂഗിൾ ട്രാൻസ്ലേറ്ററിനെ അമിതമായി ആശ്രയിച്ചു വഴിതെറ്റുന്നവർ നിരവധി. ‘‘കയ്യില്ലാത്ത കല്ല്’’ എന്ന ശീർഷകം ഒരു വർക്കിൽ കണ്ടപ്പോൾ അതു ഗൂഗിൾ വിവർത്തകൻ ഒപ്പിച്ച അപാരതയാണെന്നു ക്ഷിപ്രം മനസ്സിലായി. ‘‘കൈ തൊടാതെ പറഞ്ഞു വന്ന കല്ലിനെയാണു,’’ കയ്യില്ലാത്ത കല്ലു ആക്കി മാറ്റിയത്. എന്നാൽ ഇതു പൊട്ടത്തരം ആണെന്നു വിവേചിപ്പാനുള്ള സാമാന്യബുദ്ധി പഠിതാവിനു വേണ്ടേ? ‘‘കയ്യില്ലാത്ത കല്ല്’’ കേട്ടു സൺഡേസ്കൂൾ കുട്ടികൾ ആർത്തു ചിരിക്കുന്നു. അത്രയെങ്കിലും പ്രായോഗിക ജ്ഞാനം ബൈബിൾ വിദ്യാർത്ഥിക്കു ഉണ്ടാകേണ്ടേ? ബൈബിൾ ഒരിക്കലെങ്കിലും വായിച്ചിരുന്നുവെങ്കിൽ. ഞാൻ ദാനീയേൽ പ്രവചനം 2:34 കെ. ജെ. വി. യിൽ നിന്നു വെറും ജിജ്ഞാസ കൊണ്ടു ഗൂഗിൾ തമ്പുരാനെക്കൊണ്ടു മൊഴിമാറ്റം നടത്തി നോക്കി. ‘‘കൈകളില്ലാതെ ഒരു കല്ലു വെട്ടിമാറ്റുന്നതു വരെ നീ കണ്ടു, അതു ഇരുമ്പും കളിമണ്ണും കൊണ്ടു വിഗ്രഹത്തെ അവന്റെ കാലിൽ അടിച്ച് തകർത്തു.’’ എന്നാണ് കിട്ടിയത്. എങ്ങനെയുണ്ട്? കയ്യില്ലാതെ പറഞ്ഞു വരുന്ന ആ കല്ലിന്റെ വരവ്. ആ വിദ്യാർത്ഥി അദ്ധ്യാപകനെ പൊട്ടനാക്കുകയും സ്ഥാപനത്തിന്റെ മഹത്വത്തെ ഇകഴ്ത്തുകയും ചെയ്യുവാനല്ലേ ശ്രമിക്കുന്നത്? ഇത്തരമൊരു വർക്ക് അദ്ധ്യാപകൻ ‘‘റിജെക്റ്റു’’ ചെയ്താൽ അദ്ദേഹം അനഭിമതനായി മാറുകയാണ്. തെറ്റിനെ അംഗീകരിക്കാതെ ചെറുത്തുനില്ക്കുന്ന വിദ്യാർത്ഥി ഭാവിയിൽ ഒരു പാസ്റ്ററോ ബൈബിൾ അദ്ധ്യാപകനോ ആയാൽ ?

ഒരുവനെ രക്ഷയ്ക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകൾ പഠിക്കുകയും അതിൽ നിശ്ചയം പ്രാപിക്കയും അതിൽ നിലനിൽക്കുകയും വേണം (2 തിമോ: 3:14,15). പുതിയനിയമത്തിന്റെ ശുശ്രൂഷകരായി വിളിക്കപ്പെട്ടവർ, വചനം ഹൃദയമെന്ന മാംസപ്പലകയിൽ ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാൽ ആഴത്തിൽ എഴുതണം (2 കൊരി:3:36). അതിനു പരിശീലനം ആവശ്യമാണ്. നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുക (2 തിമൊ: 3:14). ‘‘ഞാൻ വരുവോളം വായന പ്രബോധനം ഉപദേശം എന്നിവയിൽ ശ്രദ്ധിച്ചിരിക്ക’’ (2 തിമോ: 4:13). മറ്റുള്ളവരെ ക്രിസ്തുവിലും അവിടുത്തെ വചനത്തിലും ഗുണീകരിക്കപ്പെട്ടവരും തികെഞ്ഞവരും (edifying and equipping) ആക്കേണ്ടുന്നവർ ആദ്യം സ്വയം തികെഞ്ഞവർ ആകട്ടെ.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### ഹംഗറി

| | | |
|---|---|---|
| തലസ്ഥാനം | : | ബുഡാപെസ്റ്റ് |
| ഭാഷ | : | ഹംഗാറിയൻ |
| ജനസംഖ്യ | : | 10.7 മില്യൺ |
| പ്രസിഡണ്ട് | : | തമസ് സുല്യോക് |
| മതം | : | ക്രിസ്ത്യൻ |

ഹംഗേറിയക്കാർക്കായി പ്രാർത്ഥിക്കുക. ഉത്തരാധുനിക സംസ്കാരം വർദ്ധിക്കുന്നു. ജനം സുവിശേഷത്തിലെ സത്യം കണ്ടെത്തണം

സഭയ്ക്കുള്ളിൽ ഉണർവ്വ് ഉണ്ടാകട്ടെ. സുവിശേഷികരണത്തിനും വിശുദ്ധിക്കും ആത്മീയ പക്വതയ്ക്കും വേണ്ടിയുള്ള ദാഹം വിശ്വാസികളിൽ ഉണ്ടാകണം. പ്രാർത്ഥിക്കുക.

സർക്കാർ നിയന്ത്രണങ്ങൾ ലഘൂകരിക്കണം. ചന്തകളിലും മറ്റും പരസ്യമായി സാക്ഷ്യം പറയാൻ വിശ്വാസികൾ തയ്യാറാകണം. ഇതിന് എതിരായി നില്ക്കുന്ന നിയമങ്ങൾ മാറണം. പ്രാർത്ഥിക്കുക.

24 MARCH 2024
VOL 03 | ISSUE 083 | 782



അനിൽ കൊടിത്തോട്ടം

# ഇതര രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ വിലയ്ക്ക് എടുക്കുന്നു



**പാർലമെന്റ് ഇലക്ഷൻ പടിവാതിലിൽ**

സംഘ പരിവാർ ലീഗ് വർഗ്ഗീയ രാഷ്ട്രീയത്തെ ചെറുക്കുക. രാഷ്ട്രീയ കക്ഷികളുടെ ഭാരവാഹിത്വത്തെക്കാൾ, കവലപ്രസംഗത്തെക്കാൾ അധികാരികമായ രാഷ്ട്രീയ പ്രവർത്തനം വോട്ടുരേഖപ്പെടുത്തലാണ്. അത് ഏറെ അവധാനതയോടെ ചെയ്യേണ്ടതാണ്. ഗുണപരമായ പ്രതിഷേധം, മാനവികത, പുരോഗമന കാഴ്ചപാട് , മതേതരത്വം , വർഗ്ഗീയ വിരുദ്ധത ഇത്യാദി ധാർമ്മിക ദർശനങ്ങളുടെ പ്രതിഫലനമാകണം നമ്മുടെ വോട്ട് വിനിയോഗം.

ഇന്ത്യൻ രാഷ്ട്രീയം ഇന്നു നേരിടുന്നത് പണമിറക്കി ഇതര രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ വിലയ്ക്കെടുത്ത് ജനാധിപത്യത്തെ അട്ടിമറിക്കുന്ന, തൽസ്ഥാനത്ത് വർഗ്ഗീയ ഫാസിസത്തെ പ്രതിഷ്ഠിക്കുന്ന സംഘപരിവാർ ഭീഷണിയാണ്.

ആഗോള ഇസ്ളാമിക് സ്റ്റേറ്റ് സ്വപ്നം കണ്ട് തൽക്കാലം ആ അജണ്ടമരവിപ്പിച്ച് സമയം വരുമ്പോൾ പുറത്തെടുക്കാൻ അടവുനയം സ്വീകരിച്ച ലീഗ് ഐ.എൻ.എൽ രാഷ്ട്രീയമാണ് ദുർബ്ബലമെങ്കിലും ചെറുക്കേണ്ട മറ്റൊരു രാഷ്ട്രീയ പ്രവണത സൗത്ത് ഇന്ത്യൻ രാഷ്ട്രീയം പൊതുവായി ഉയർത്തുന്ന ഒരു മാനവികതാ വികാരത്തെ ശക്തിപ്പെടുത്തലാണ് നമുക്കു മുമ്പിലുള്ള പ്രായോഗികത.

**വിഷയം**

## ഈ തെരഞ്ഞെടുപ്പിൽ ക്രൈസ്തവർ എങ്ങോട്ട്?

**ഓർക്കുക: ക്രിസ്ത്യൻ ലൈവ് പത്രം ഒരു രാഷ്ട്രീയപാർട്ടിയെയും സപ്പോർട്ട് ചെയ്യുന്നില്ല. എന്നാൽ വിവിധ കാഴ്ചപ്പാടുകളെ സസന്തോഷം സ്വാഗതം ചെയ്യുന്നു**

# മോസ്കോയിൽ ഭീകരാക്രമണം; അറുപത് പേർ കൊല്ലപ്പെട്ടു: നൂറിലേറെ പേർക്ക് പരിക്ക്






മോസ്കോ : റഷ്യൻ തലസ്ഥാനമായ മോസ്കോയിലുണ്ടായ ഭീകരാക്രമണത്തിൽ 60 പേർ കൊല്ലപ്പെടുകയും നൂറിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതിൽ 40 പേരുടെ നില ഗുരുതരമാണ്. സംഗീതപരിപാടിക്കിടെ മുഖംമൂടി ധരിച്ച അക്രമികൾ കാണികൾക്കുനേരേ വെടിയുതിർക്കുകയായിരുന്നു. മോസ്കോയിലെ ക്രോക്കസ് സിറ്റി ഹാളിൽ വെള്ളിയാഴ്ച രാത്രിയായിരുന്നു സംഭവം. അക്രമിസംഘത്തിൽ അഞ്ചുപേരുണ്ടായിരുന്നു. വെടിവെയ്പിന് പിന്നാലെ കെട്ടിടത്തിൽ നിരവധി സ്ഫോടനങ്ങളും നടന്നു. കെട്ടിടത്തിൽനിന്ന് തീ ഉയരുന്ന ദൃശ്യങ്ങളും പുറത്തുവന്നു. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഐ.എസ് ഏറ്റെടുത്തു. ഒൻപതിനായിരത്തോളം ആളുകളെ ഉൾക്കൊള്ളാൻ കഴിയുന്ന കെട്ടിടസമുച്ചയത്തിലായിരുന്നു പരിപാടി നടന്നത്. ആറായിരംപേരോളം വെടിവെപ്പ് നടക്കുമ്പോൾ സംഭവസ്ഥലത്തുണ്ടായിരുന്നു. ഭീകരാക്രമണമെന്നാണ് റഷ്യൻ വിദേശകാര്യ മന്ത്രാലയം സംഭവത്തെ വിശേഷിപ്പിച്ചത്.

ആഴ്ചയവസാനം നടക്കാനിരുന്ന എല്ലാ പരിപാടികളും റദ്ദാക്കിയതായി മോസ്കോ മേയർ അറിയിച്ചു. അമേരിക്ക അടക്കമുള്ള രാജ്യങ്ങൾ ഭീകരാക്രമണത്തെ അപലപിച്ചു.

# സുഡാനിലെ പട്ടിണി: "മനുഷ്യ ഓർമ്മയിലെ ഏറ്റവും മോശമായ മാനുഷിക ദുരന്തങ്ങളിലൊന്ന്" ഐക്യരാഷ്ട്രസഭ

യു എൻ : ''മനുഷ്യ ഓർമ്മയിലെ ഏറ്റവും മോശമായ മാനുഷിക ദുരന്തങ്ങളിലൊന്ന്'' എന്നാണ് മാർച്ച് 21ആം തിയതി ഐക്യരാഷ്ട്രസഭ ഇറക്കിയ സുഡാനിലെ സ്ഥിതിയെ കുറിച്ചുള്ള റിപ്പോർട്ടിൽ വിശേഷിപ്പിക്കപ്പെടുന്നത്. ഐക്യരാഷ്ട്രസഭയുടെ മാനുഷിക കാര്യങ്ങളുടെ ഏകോപന (OCHA) പ്രവത്തനങ്ങളുടെ ഡയറക്ടർ എഡെം വോസോർനുവിൽ നിന്നാണ് ഈ പ്രഖ്യാപനം. മാനുഷിക ആവശ്യങ്ങളുടെ വ്യാപ്തി, കുടിയൊഴിപ്പിക്കപ്പെട്ടവരുടെ എണ്ണം, ദുരിതമനുഭവിക്കുന്നവർ എന്നിവയെ ചൂണ്ടികാണിച്ചു കൊണ്ട് സുഡാനിലെ സ്ഥിതിവിശേഷത്തെ മനുഷ്യന്റെ ഓർമ്മയിലെ ഏറ്റവും മോശമായ മാനുഷിക ദുരന്തങ്ങളിലൊന്ന് എന്ന് എഡെം വോസോർനുവ് പ്രസ്താവിച്ചു. സർക്കാറിന്റെ സേനയും സായുധരായ വിമത അർദ്ധസൈനീക വിഭാഗങ്ങളും തമ്മിൽ പതിനൊന്ന് മാസമായി നടക്കുന്ന സംഘർഷത്തിൽ ഇതുവരെ നടപടിയെടുക്കാത്തതിന് വോസോർനു അന്താരാഷ്ട്ര സമൂഹത്തെ വിമർശിച്ചു. സുഡാനിൽ, അന്താരാഷ്ട്ര അവഗണനയുടെയും നിഷ്ക്രിയത്വത്തിന്റെയും മൂടുപടത്തിന് കീഴിൽ ഒരു മാനുഷിക ആഭാസമാണ് അരങ്ങേറുന്നതെന്ന് അദ്ദേഹം അറിയിച്ചു.

ഐക്യരാഷ്ട്രസഭയുടെ കണക്കനുസരിച്ച്, എട്ട് ദശലക്ഷത്തിലധികം ആളുകളെ സംഘർഷം മൂലം മാറ്റിപ്പാർപ്പിച്ചു. അതേസമയം ലോക ഭക്ഷ്യ കാര്യപരിപാടി (WFP) ഭീകരമായ ഭക്ഷ്യ അരക്ഷിതാവസ്ഥ നേരിടുന്ന പതിനെട്ട് ദശലക്ഷത്തിലധികം സുഡാനികളാണുള്ളതെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് പത്തിരട്ടി വർദ്ധനയാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ദശലക്ഷം ആളുകളാണ് കൂടുതലായി ഭക്ഷ്യ അരക്ഷിതാസ്ഥ നേരിടുന്നത്. 730,000 സുഡാനീസ് കുട്ടികൾ കടുത്ത പോഷകാഹാരക്കുറവ് അനുഭവിക്കുന്നുണ്ടെന്ന് ഭക്ഷ്യ പ്രശ്നങ്ങൾക്കും പട്ടിണി നിവാരണത്തിനുമായുള്ള ഏജൻസി കണക്കാക്കുന്നു. സമീപഭാവിയിൽ ഏകദേശം 222,000 കുട്ടികൾ ഈ അവസ്ഥയിൽ മരിച്ചേക്കുമെന്നാണ് വിദഗ്ധരുടെ കണക്കുകൂട്ടൽ. ലോക ഭക്ഷ്യ പരിപാടി എടുത്തിട്ടുള്ള കണക്കനുസരിച്ച്, ദക്ഷിണ സുഡാനിൽ ഏഴ് ദശലക്ഷവും ചാഡിൽ ഏകദേശം മൂന്ന് ദശലക്ഷവും ജനങ്ങൾക്ക് ഭക്ഷണം ലഭ്യമല്ലാതെയുണ്ട്.

# 20 സ്കൂളുകളുടെ അംഗീകാരം റദ്ദാക്കി സി.ബി.എസ്.ഇ : കേരളത്തിൽ നിന്ന് 2 സ്ക്കൂളുകൾ

ന്യൂഡൽഹി : സിബിഎസ്ഇ നടത്തിയ അപ്രതീക്ഷിത പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് 20 സ്കൂളുകൾക്കെതിരെ ശക്തമായ നടപടി. സ്കൂളുകളുടെ അംഗീകാരം റദ്ദാക്കിയ സിബിഎസ്ഇ പേരുകൾ അടങ്ങുന്ന പട്ടിക സഹിതം വിജ്ഞാപനം പുറത്തിറക്കി. നടപടിയുടെ ഭാഗമായി മൂന്ന് സ്കൂളുകളുടെ ഗ്രേഡിംഗ് കുറയ്ക്കുകയും ചെയ്തു. CBSEയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുസരിച്ചാണോ സ്കൂളുകൾ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കാൻ രാജ്യത്തുടനീളമുള്ള സിബിഎസ്ഇ സ്കൂളുകളിൽ സിബിഎസ്ഇ നടത്തിയ അപ്രതീക്ഷിത പരിശോധനയിൽ അഫിലിയേഷനിലും പരീക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്നാണ് നടപടി എന്ന് CBSE സെക്രട്ടറി ഹിമാൻഷു ഗുപ്ത പറയുന്നു. അംഗീകാരം റദ്ദാക്കിയ സ്കൂളുകളിൽ അധികവും ഡൽഹിയിലാണ്. അഞ്ചെണ്ണം ഡൽഹിയിലും മറ്റുള്ളവ ഉത്തർപ്രദേശ്, കേരളം, രാജസ്ഥാൻ, ഛത്തീസ്ഗഡ്, മഹാരാഷ്ട്ര, ജമ്മു കശ്മീർ, ഡെറാഡൂൺ, അസം, മധ്യപ്രദേശ് എന്നിവിടങ്ങളിലുമാണ്. കൂടാതെ, ഡൽഹി, പഞ്ചാബ്, അസം എന്നിവിടങ്ങളിലെ സ്കൂളുകൾ ഗ്രേഡിംഗിൽ ഇടിവ് നേരിട്ടു. റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ നിന്നും ഈ പട്ടികയിൽ രണ്ടു സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്. പിവിഎസ് പബ്ലിക് സ്കൂൾ, മലപ്പുറം, മദർ തെരേസ മെമ്മോറിയൽ സെൻട്രൽ സ്കൂൾ, തിരുവനന്തപുരം, എന്നിവയാണ് അവ.

# ബാങ്ക് കൊള്ളയടിച്ചതിന് 11,12,16 വയസ്സുള്ള കുട്ടി കള്ളന്മാർ അറസ്റ്റിൽ

ഹൂസ്റ്റൺ : ഹൂസ്റ്റണിലെ ഒരു ബാങ്ക് കൊള്ളയടിച്ചതിന് 11, 12, 16 വയസ്സ് പ്രായമുള്ള, "ലിറ്റിൽ തീവ്സ്കൾ" എന്ന് വിളിക്കപ്പെടുന്ന മൂന്ന് ആൺകുട്ടികളെ അറസ്റ്റ് ചെയ്തതായി അധികൃതർ അറിയിച്ചു. യുവാക്കൾ കസ്റ്റഡിയിലാണെന്നും ഭീഷണിപ്പെടുത്തി കവർച്ച നടത്തിയതിന് കേസെടുത്തിട്ടുണ്ടെന്നും ഹാരിസ് കൗണ്ടി ഷെരീഫ് എഡ് ഗോൺസാലസ് പറഞ്ഞു. പ്രായമിതായതിനാൽ കൂടുതൽ വിവരങ്ങളൊന്നും പുറത്തുവിടില്ലെന്നും കൂടുതൽ വിവരങ്ങൾക്കായുള്ള അഭ്യർത്ഥനയോട് ഷെരീഫിന്റെ ഓഫീസ് പ്രതികരിക്കില്ലെന്നും ഗോൺസാലസ് പറഞ്ഞു.

മാർച്ച് 14 ന് നോർത്ത് ഹ്യൂസ്റ്റണിലെ ഗ്രീൻസ് പോയിന്റ് ഏരിയയിലുള്ള വെൽസ് ഫാർഗോ ബാങ്ക് കൊള്ളയടിച്ചതിന് ഇവരെ തിരയുകയായിരുന്നുവെന്ന് എഫ്ബിഐയുടെ ഹ്യൂസ്റ്റൺ ഓഫീസ് പറയുന്നു. ബാങ്കിന്റെ ലോബിക്കുള്ളിൽ മുഖം മൂടികൾ ധരിച്ച് നിൽക്കുന്ന മൂവരുടെയും ചിത്രം എക്സിൽ എഫ്ബിഐ പോസ്റ്റ് ചെയ്തു. പണവുമായി കാൽനടയായി രക്ഷപ്പെടുന്നതിന് മുമ്പ് ആൺകുട്ടികൾ ഒരു ഭീഷണി കുറിപ്പും കൈമാറി. രണ്ട് ആൺകുട്ടികളുടെ ഫോട്ടോകൾ പുറത്തുവന്നതിന് ശേഷം രക്ഷിതാക്കൾ അവരെ തിരിച്ചറിഞ്ഞതായും മൂന്നാമത്തെ ആൺകുട്ടിയെ വഴക്കിനെത്തുടർന്ന് നിയമപാലകൻ തിരിച്ചറിഞ്ഞതായും സ്റ്റേഷൻ റിപ്പോർട്ട് ചെയ്തു.

# സുപ്രീം കോടതി ഉത്തരവിന് പിന്നാലെ എൽ.ജി.ബി.ടി. യെ ഭീകര സംഘടനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി: റഷ്യ

റഷ്യ : എൽജിബിടി മൂവ്മെന്റിനെ തീവ്രവാദികളുടെയും ഭീകരസംഘടനകളുടെയും പട്ടികയിൽ ഉൾപ്പെടുത്തി റഷ്യ. എൽജിബിടി പ്രവർത്തകരെ തീവ്രവാദികളായി പ്രഖ്യാപിക്കണമെന്ന റഷ്യൻ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് നീക്കം. 2023 നവംബറിലായിരുന്നു എൽ.ജി.ബി.ടി. മൂവ്മെന്റിനെതിരെ സുപ്രീംകോടതിയുടെ വിധിയുണ്ടായത്. ഭീകരരായി പ്രഖ്യാപിച്ചവർ ഉൾപ്പടെ 14,000 ത്തിലധികം വ്യക്തികളുടെ ബാങ്ക് അക്കൗണ്ടുകൾ ഇതിനോടകം മരവിപ്പിച്ച റോസ്ഫിൻ മോണിറ്ററിങ് എന്ന ഏജൻസിയാണ് പ്രസ്തുത പട്ടിക പരിപാലിക്കുന്നത്. ഈ പട്ടികയിൽ അൽഖയ്ദ മുതൽ യുഎസ് ടെക് ഭീമനായ മെറ്റയും റഷ്യൻ മുൻ പ്രതിപക്ഷ നേതാവായിരുന്ന അലക്സി നവൽനിയുടെ കൂട്ടാളികളുമടക്കം ഉൾപ്പെടുന്നു. "ഇന്റർനാഷണൽ എൽജിബിടി സോഷ്യൽ മൂവ്മെന്റിനെയും അതിന്റെ യൂണിറ്റുകളെയും" പട്ടികയിൽ കൂട്ടിച്ചേർത്തുവെന്നാണ് സ്റ്റേറ്റ് ന്യൂസ് ഏജൻസിയായ RIA റിപ്പോർട്ട് ചെയ്യുന്നത്.സുപ്രീംകോടതിയുടെ വിധിക്ക് പിന്നാലെ രാജ്യത്തെ സ്വവർഗരതിക്കാർ വിമർശനവുമായി രംഗത്ത് വന്നിരുന്നു. ഇതിനിടെ ലിംഗമാറ്റ ശസ്ത്രക്രിയ നിരോധിച്ചുകൊണ്ടുള്ള ബില്ലിൽ പ്രസിഡന്റ് പുടിൻ ഒപ്പുവയ്ക്കുകയും ചെയ്തു.




# പുസ്തക പരിചയം

വാമൊഴിയായും വരമൊഴിയായും ലോക പെന്തകോസ്ത് മലയാളികൾക്ക് സുപരിചതനായ പാസ്റ്റർ ബി. മോനച്ചൻ കായംകുളത്തിന്റെ ആത്മകഥ വൻ കൃപയുടെ തണലിൽ എൻ ജീവിതം... അനുഭവങ്ങളും അനുസ്മരണങ്ങളും അടങ്ങിയ ഈ പുസ്തകം ഒരു സാധാരണക്കാരനെ അസാധാരണ ദൈവ പ്രവർത്തിക്ക് ദൈവം ഉപയോഗിക്കുന്ന വിധങ്ങൾക്ക് സാക്ഷ്യം വഹിക്കുന്നു. എഴുത്തുകാരന്റെ ജീവിതം പോലെ മറയില്ലാതെ എഴുതിയ ഒരു തുറന്ന പുസ്തകം ആണ് ഇത്. ദൈവ സന്നിധിയിൽ സമർപ്പിച്ച ഒരു ചെറിയ മനുഷ്യനിലൂടെ വലിയ കാര്യങ്ങൾ ദൈവം ചെയ്യുന്നത് കാണുന്നത് വിശ്വാസികൾക്കും പാസ്റ്റർമാർക്കും ഒരു പോലെ പ്രയോജനപ്പെടും. ഒറ്റപ്പെടലിന്റെയും കുറ്റപ്പെടുത്തലിന്റെയും നിന്ദയുടെയോ പരിഹാസത്തിയും നടുവിൽ ദർശനം ഉള്ളവനെ വളത്തുന്ന ദൈവത്തിന്റെ നീതി ഈ പുസ്തകത്തിൽ ഉടനീളം കാണാം.മൂന്നര പതിറ്റാണ്ടിന്റെ ശ്രുശൂഷ അനുഭവങ്ങൾ, എണ്ണയിട്ട യന്ത്രം പോലെ കേരളത്തിലും ഇന്ത്യയിലും ലോക രാജ്യങ്ങളിലും ആയിരങ്ങളുടെ ഇടയിൽ ക്രിസ്തുവിനെ ഉയർത്താൻ ലഭിച്ച അവസരങ്ങൾ, അതിന് ഉപയോഗിച്ച വക്തികൾ എന്നിവരെയും ഈ പുസ്തകത്തിൽ കാണാം.ക്രൈസ്തവ കൈരളിക്ക് പരിചിതമായ 10 പുസ്തകങ്ങൾ സമ്മാനിച്ച ഗ്രന്ഥകാരന്റെ 11 മത് പുസ്തകം ആണിത്.റവ. ജോർജ് മാത്യു, പുതുപ്പള്ളിയുടെ അവതാരികയും പാസ്റ്റർ ബാബു ചെറിയാന്റെ ഗ്രന്ഥസ്വാദനവും, പാസ്റ്റർമാരായ എം. വി. വർഗീസ്, കെ. സി. ജോൺ, സി. സി. തോമസ്,കെ. സി. തോമസ്, ജേക്കബ് ജോൺ, സാം ജോർജ്, മോനിസ് ജോർജ്, പോൾ ഗോപാലകൃഷ്ണൻ തുടങ്ങി അനേകരുടെ ആശംസകളും ഈ പുസ്തകത്തിന്റെ മാറ്റ് കൂട്ടുന്നു. 424 പേജുകളും 78 അദ്ധ്യായങ്ങളും ഉള്ള പുസ്തകം ഫെയ്ത്ത് പബ്ലിഷേഴ്സ് ആണ് പുറത്തിറക്കിയിക്കുന്നത്. വില 400 രൂപ (പോസ്റ്റേജ് ഉൾപ്പെടെ ഇന്ത്യയിൽ എവിടെയും) പുസ്തകത്തിന് വിളിക്കേണ്ട നമ്പർ **+91 9847253880/ +91 88603 18515**

**കൊച്ചുമോൻ ആന്താര്യത്ത്, ഷാർജ**

# ഏകദിന യൂത്ത് മീറ്റിംഗ്

ഐപിസി കർമ്മേൽ വണ്ടിത്താവളം സഭ & ഐസിപിഫ് കോയമ്പത്തൂർ ചേർന്ന് ഒരു ഏകദിന യൂത്ത് മീറ്റിംഗ് നടത്തുന്നു. ഈ മാസം 28 ന് (മാർച്ച് 28, വ്യാഴം) രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ ഐപിസി കർമ്മേൽ വണ്ടിത്താവളം സഭയിൽ വെച്ച് നടത്തപ്പെടും. പാ. ജിൻസ് സെബാസ്റ്റ്യൻ മുഖ്യ അതിഥി ആയിരിക്കും. ശുശ്രൂഷകൾക്ക് സുവി. ജോവിൻ എം. ജോൺ ( ICPF Coimbatore), പാ. തോമസ് ജോർജ് ( Local church Pastor) നേതൃത്വം നൽകും. ഈ മീറ്റിംഗ് സ്കൂൾ വിദ്യാർത്ഥികൾക്കും യൗവ്വനക്കാർക്കും വേണ്ടിയുള്ള ഒരു സ്പെഷ്യൽ ഇവന്റ് ആയിരിക്കും. ഈ അവധിക്കാലത്ത് കർത്താവിനെ അധികം അറിയുവാനും ദൈവഹിതം തിരിച്ചറിയുവാനും യൗവ്വന മോഹങ്ങളെ വിട്ടു കർത്താവിനു വേണ്ടി ജീവിതം സമർപ്പിക്കുവാൻ ഉള്ള ഒരു അവസരമാണ് ഈ യൂത്ത് മീറ്റിംഗ്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
05
24 MARCH 2024
VOL 03 | ISSUE 083 | 782

# മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസേർച്ച് സെന്ററിന്റെ ആരംഭശിലയുടെ ആശീർവാദ കർമ്മം നടന്നു

പാലാ : കാൻസർ ചികിത്സാ രംഗത്ത് സുപ്രധാന കേന്ദ്രമായി മാറാൻ ലക്ഷ്യമിടുന്ന പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസേർച് സെന്ററിന്റെ ആരംഭശിലയുടെ ആശീർവാദ കർമ്മം സീറോ മലബാർ സഭാ മേജർ ആർച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ നിർവഹിച്ചു. ഉന്നതമായ ക്രൈസ്തവ മൂല്യങ്ങൾ ഉൾക്കൊണ്ടു പ്രവർത്തിക്കുന്ന മാർ സ്ലീവാ മെഡിസിറ്റി ചുരുങ്ങിയ കാലംകൊണ്ട് ജനങ്ങളുടെ മനസ്സിൽ സ്ഥാനം പിടിച്ച ആരോഗ്യ പരിപാലന കേന്ദ്രമായി മാറിയെന്ന് മേജർ ആർച്  ബിഷപ്പ് മാർ റാഫേൽ തട്ടിൽ പറഞ്ഞു.

കാൻസർ രോഗം വർധിച്ച് വരുന്ന സാഹചര്യത്തിൽ മാർ സ്ലീവാ കാൻസർ കെയർ ആൻഡ് റിസേർച്ച് സെന്റർ പാവപ്പെട്ടവർക്ക് അഭയമാകുന്ന സത്രമായി മാറുമെന്നും മാർ തട്ടിൽ അഭിപ്രായപ്പെട്ടു.  മാർ സ്ലീവാ മെഡിസിറ്റി സ്ഥാപകനും പാലാ രൂപത ബിഷപ്പുമായ മാർ ജോസഫ് കല്ലറങ്ങാട്ട്  അധ്യക്ഷത വഹിച്ചു. വിദേശ രാജ്യങ്ങളിൽ ലഭ്യമാകുന്ന കാൻസർ ചികിത്സ സംവീധാനങ്ങൾ നാട്ടിൻ പുറത്തെ സാധാരണക്കാർക്കും ലഭ്യമാക്കണം എന്ന ലക്ഷ്യത്തിലാണ് കാൻസർ കെയർ ആൻഡ് റിസേർച്ച് സെന്റർ നിർമിക്കുന്നതെന്നും ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.

# ഭക്ഷണം പോലും ആഡംബരമായി മാറി: ദുഃഖം പങ്കുവെച്ച് ബിഷപ്പ് സ്റ്റീഫൻ ഡാമി മംസ



അബൂജ : നൈജീരിയയിൽ നിലവിൽ അരക്ഷിതാവസ്ഥയാണെന്നും ഭക്ഷണം കിട്ടുന്നവർ അത് ആഡംബരമായി കണക്കാകുന്ന സാഹചര്യം സംജാതമായിരിക്കുകയാണെന്നും യോള രൂപതാധ്യക്ഷൻ ബിഷപ്പ് സ്റ്റീഫൻ ഡാമി മംസ. കുതിച്ചുയരുന്ന പണപ്പെരുപ്പം, സമ്പൂർണ സാമ്പത്തിക പ്രതിസന്ധി എന്നിവ നൈജീരിയയെ അരക്ഷിതാവസ്ഥയ്ക്കു നടുവിലെത്തിച്ചുവെന്നും ജനങ്ങളുടെ ഉപജീവനത്തെ പ്രതികൂലമായി ബാധിച്ചുവെന്നും അദ്ദേഹം വെളിപ്പെടുത്തി. 2024 രൂപത പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിന്റെ സമാപന വേളയിൽ നടത്തിയ പ്രസംഗത്തിലായിരുന്നു ബിഷപ്പ് മംസ ഇക്കാര്യങ്ങൾ പറഞ്ഞത്. കുതിച്ചുയരുന്ന പണപ്പെരുപ്പം, സമ്പൂർണ സാമ്പത്തിക പ്രതിസന്ധി എന്നിവയെ തുടർന്നു ബഹുമുഖ ദാരിദ്ര്യം അനുഭവിക്കുന്നു. നൈജീരിയ ശരിക്കും രോഗിയാണ്, ബുദ്ധിമുട്ടുകൾ കാരണം ആളുകൾ മരിക്കുന്നു. വിശന്നു മരിക്കുന്നവരുണ്ട്; സ്കൂൾ ഫീസ് അടക്കാൻ കഴിയാത്തതിനാൽ പലരും തങ്ങളുടെ കുട്ടികളെ സ്കൂളിൽ നിന്ന് പിൻവലിച്ചു. പലരും വീടുവാടക നൽകാൻ കഴിയാത്തതിനാൽ അവരുടെ വീടുകളിൽ നിന്ന് പുറത്താക്കപ്പെട്ടു; ബില്ലുകൾ അടയ്ക്കാൻ കഴിയാത്തതിനാൽ പലർക്കും ആശുപത്രിയിൽ പോകാൻ കഴിയില്ല. എല്ലാം നിശ്ചലമായി. ബുദ്ധിമുട്ടുകളും വിലക്കയറ്റവും കാരണം സഭയിലെയും ധാരാളം പദ്ധതികളെ ബാധിച്ചു;

ഭക്ഷണം പോലും ആഡംബരമായി മാറിയിരിക്കുന്നു. ജനങ്ങൾ ശരിക്കും ദുഷ്കരമായ സമയങ്ങളിലൂടെയാണ് കടന്നുപോകുന്നത്. സർക്കാർ മറ്റ് രാജ്യങ്ങളുടെ സഹായം തേടണം. മറ്റുള്ളവരോട് സഹായം അഭ്യർത്ഥിക്കാൻ നാം താഴ്മ കാണിക്കണം. നിലവിലെ വെല്ലുവിളികളെ അതിജീവിക്കാൻ ദൈവത്തിന്റെ മുഖം തേടണം. രാജ്യത്തെ എണ്ണമറ്റ വെല്ലുവിളികൾക്ക് അറുതി വരുത്താൻ വഴികൾ തേടേണ്ടത് ആവശ്യമാണ്.

# കെസിബിസി പ്രോ ലൈഫ് സമിതി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

കൊച്ചി : കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ പ്രോലൈഫ് സമിതി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ പേരിലുള്ള പ്രോലൈഫ് മാധ്യമ പുരസ്ക്കാരം ദീപിക കോട്ടയം ന്യൂസ് എഡിറ്റർ ജോൺസൺ വേങ്ങത്തടത്തിനും സിസ്റ്റർ ഡോ. മേരി മാർസലസിന്റെ പേരിലുള്ള ആതുരസേവന അവാർഡ് എഫ്സിസി സന്യാസിനീസഭാംഗം സിസ്റ്റർ മേരി ജോർജിനും ജേക്കബ് മാത്യു പള്ളിവാതുക്കലിന്റെ പേരിലുള്ള ആതുരശുശ്രൂഷാ അവാർഡ് ബ്രദർ ടോമി ദിവ്യരക്ഷാലയത്തിനും സമ്മാനിക്കും. ഇന്നു തൊടുപുഴ മൈലക്കൊമ്പ് ദിവ്യരക്ഷാലയത്തിൽ നടക്കുന്ന കെസിബിസി പ്രോലൈഫ് സംസ്ഥാന സമിതി ദിനാഘോഷത്തോടനുബന്ധിച്ച് പുരസ്കാരങ്ങൾ വിതരണം ചെയ്യുമെന്ന് ചെയർമാൻ ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശേരി അറിയിച്ചു.

പ്രോലൈഫ് രംഗത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച കേരളത്തിലെ വിവിധ സ്ഥാപനങ്ങളെയും വ്യക്തികളെയും കുടുംബങ്ങളെയും ചടങ്ങിൽ ആദരിക്കും. അർഹരായ വലിയ കുടുംബങ്ങൾക്ക് ഹോളി ഫാമിലി എൻഡോവ്മെന്റ് വിതരണം ചെയ്യും. പൊതുസമ്മേളനത്തിൽ കെസിബിസി ഫാമിലി കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. പോൾ ആന്റണി മുല്ലശേരി അധ്യക്ഷത വഹിക്കും. കോതമംഗലം ബിഷപ്പ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്യും.

# ആദ്യം എതിർപ്പ്; ഇപ്പോൾ സഹായ അഭ്യർത്ഥന: മാലിദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു

മാലി : അധികാരത്തിലെത്തിയ ശേഷം ഇന്ത്യയോടുള്ള എതിർപ്പ് ശക്തമാക്കുകയും ചൈനയുമായി കൂടുതൽ അടുക്കുകയും ചെയ്ത മാലിദ്വീപ് പ്രസിഡന്റ് മുഹമ്മദ് മുയിസു ഇപ്പോൾ നിലപാട് മാറ്റി. ദ്വീപ് രാഷ്ട്രത്തിന് കടാശ്വാസം തുടരണമെന്ന് മുയിസു അഭ്യർത്ഥിക്കുകയും മാലിദ്വീപ് ഇന്ത്യയുടെ അടുത്ത സഖ്യകക്ഷിയായി തുടരുമെന്നും പ്രസ്താവിച്ചു. 2023 വരെ 40.9 കോടി ഡോളറിന്റെ (3424.04 കോടി രൂപ) കടബാധ്യതയാണ് ഇന്ത്യയുമായി മാലദ്വീപിനുള്ളത്. ഇതിലാണ് ആശ്വാസം തേടിയിരിക്കുന്നത്. പ്രാദേശികമാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് മുയിസു പുതിയ നിലപാട് വ്യക്തമാക്കിയത്. മാലിദ്വീപിന് സഹായം നൽകുന്നതിൽ ഇന്ത്യ നിർണായക കക്ഷിയാണ്. അവർ ഒട്ടേറെപദ്ധതികളും രാജ്യത്ത് നടപ്പാക്കിയിട്ടുണ്ട്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
06
24 MARCH 2024
VOL 03 | ISSUE 083 | 782

# രാഷ്ട്രപതിക്കെതിരെ കേരളം സുപ്രീം കോടതിയിൽ





ന്യൂഡൽഹി : നിയമസഭ പാസാക്കിയ ബില്ലുകളിൽ തീരുമാനം വൈകുന്നതിൽ രാഷ്ട്രപതിക്കെതിരെ കേരളം സുപ്രീം കോടതിയിൽ ഹർജി നൽകി. രാഷ്ട്രപതിയുടെ സെക്രട്ടറിയെയും ഗവർണറെയും കക്ഷി ചേർത്താണ് ഹർജി നൽകിയിരിക്കുന്നത്. നിയമസഭ പാസാക്കിയ നാലു ബില്ലുകളാണ് നിലവിൽ രാഷ്ട്രപതിയുടെ പരിഗണനയിൽ ഉള്ളത്. ചീഫ് സെക്രട്ടറിയും പേരാമ്പ്ര എം.എൽ.എ ടി.പി. ബാലകൃഷ്ണനുമാണ് സംസ്ഥാനത്തിനു വേണ്ടി റിട്ട് ഹർജി ഫയൽ ചെയ്തിരിക്കുന്നത്. ഭരണഘടനാപരമായി തെറ്റായ കീഴ്‌വഴക്കമാണെന്നാണു സംസ്ഥാനം ഹർജിയിൽ പറഞ്ഞിരിക്കുന്നത്. കാരണമില്ലാതെ ബില്ലുകൾ രാഷ്ട്രപതിക്ക് അയച്ച ഗവർണറുടെ നടപടിയും ഹർജിയിൽ ചോദ്യം ചെയ്യുന്നുണ്ട്. ഭരണഘടനാപരമായ പ്രശ്നങ്ങൾ തോന്നുകയാണെങ്കിൽ ഗവർണർക്ക് ബില്ലുകൾ രാഷ്ട്രപതിക്ക് അയയ്ക്കാം. എന്നാൽ ഇത്തവണ രാഷ്ട്രപതിക്ക് അയച്ചതിൽ കാരണം വ്യക്തമാക്കിയിട്ടില്ല. ബില്ലിൽ ഒപ്പിടാത്ത ഗവർണറുടെ നടപടിക്കെതിരെ സുപ്രീം കോടതിയിൽ കേരളത്തിന്റെ ഹർജി നിലവിലുണ്ട്.

## ആനാവൂരിൽ സഭാദിനവും കൺവൻഷനും

ആനാവൂർ : ശാരോൻ ഫെലോഷിപ്പ് ചർച്ച് ആനാവൂർ സഭയുടെ നേതൃത്വത്തിൽ സഭാദിനവും കൺവൻഷനും നടക്കും. മാർച്ച് 28 മുതൽ ഏപ്രിൽ 7 വരെ. പ്രസംഗകർ : പാസ്റ്റർമാരായ വി.ജെ. തോമസ് കുട്ടി, സാം റ്റി മുഖത്തല , ജോൺസൻ ഡാനിയേൽ, ആർ.വി. വിജു, സജു ചാത്തന്നൂർ, സജോ തോണിക്കുഴിയിൽ, ബിജു കൃഷ്ണൻ എന്നിവരാണ്. പാസ്റ്റർ സൈമൻ നേതൃത്വം നൽകും.ശാരോൻ ക്വയർ ഗാനങ്ങൾ ആലപിക്കും.

# യുണൈറ്റഡ് പെന്തക്കോസ്തു സ്പിരിച്വൽ ഫെലോഷിപ് ചാരിറ്റി അസോസിയേഷൻ പ്രവർത്തനോദ്ഘാടനം നടന്നു

കുണ്ടറ : യുണൈറ്റഡ് പെന്തകോസ്ത് സ്പിരിചൽ ഫെല്ലോഷിപ് ചാരിറ്റി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ചാരിറ്റി പ്രവർത്തനത്തിന്റെ ഉത്ഘാടനം നടന്നു ഐ.പി.സി കുണ്ടറ സെന്റർശ്രുശ്രുഷകൻ പാസ്റ്റർ പൊന്നച്ചൻ എബ്രഹാംമിന്റെ അധ്യക്ഷതയിൽ വാളകം മേഴ്സി ഹോസ്പിറ്റലിൽ ഗാന്ധിഭവന്റെ നിർദ്ദയരായ അന്തേവാസികൾക്ക് ഭക്ഷണം നൽകികൊണ്ട് ഗ്രേസ് ക്രിസ്ത്യൻ സഭയുടെ പത്തനാപുരം സെന്റർ ശ്രുശ്രുഷകൻ പാസ്റ്റർ : വിൽസൺ ദാസ് ഭരണ സമിതിയുടെ നേതൃത്വത്തിൽ ഉത്ഘാടന കർമ്മം നിർവഹിച്ചു. യു.പി.എസ് എഫ് സി എ പ്രസിഡന്റ് : പാസ്റ്റർ എം ശമുവൽ, സെക്രട്ടറി : പാസ്റ്റർ ബാബു ആന്റണി
G N ട്രഷർ : ബ്രദർ കെ. ഒ ജോൺ, കോർഡിനേറ്റർ : പാസ്റ്റർ ടോമി അലക്സാണ്ടർ , ജോയിൻ സെക്രട്ടറി : പാസ്റ്റർ ജോൺ ശമുവേൽ എന്നി എക്സിക്യൂട്ടീവ്സ് അംഗങ്ങൾ നേതൃത്വം നൽകി.

# യുഎഇയിൽ വെയർഹൗസിൽ വൻതീപിടുത്തം : ആളപായമില്ല

ഷാർജ : വെള്ളിയാഴ്ച രാത്രിയുണ്ടായ തീപിടിത്തത്തിൽ ഷാർജയിലെ അൽ ഹംരിയയിലെ വെയർഹൗസ് നശിച്ചതായി ഷാർജ സിവിൽ ഡിഫൻസ് അതോറിറ്റി ഡയറക്ടർ ജനറൽ ബ്രിഗേഡിയർ സമി ഖമീസ് അൽ നഖാബി പറഞ്ഞു. രാത്രി 11.50 നാണ് തീപിടിത്തമുണ്ടായതെന്ന് അൽ നഖബി പറഞ്ഞു. രണ്ട് ഫയർ സ്റ്റേഷനുകളിലെ അഗ്നിശമന സേനാംഗങ്ങൾ തീ നിയന്ത്രണവിധേയമാക്കി. അടുത്തുള്ള ഗോഡൗണുകളിലേക്ക് തീ പടരാതിരിക്കാൻ ആവശ്യമായ മുൻകരുതലുകൾ ഉടൻ സ്വീകരിച്ചു. 20 മിനിറ്റിനുള്ളിൽ തീ നിയന്ത്രണവിധേയമാക്കി. എന്നാൽ, ബാഗുകൾ നിർമിക്കാൻ പ്ലാസ്റ്റിക് സൂക്ഷിച്ചിരുന്ന ഒരു ഗോഡൗണിൽ തീപിടിത്തം പൂർണമായും കത്തിനശിച്ചു. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും തീപിടുത്തത്തിന്റെ കാരണം ഇപ്പോഴും അന്വേഷണത്തിലാണെന്നും അധികൃതർ പറഞ്ഞു.

# കനത്ത ചൂട് : ഇന്ന് ഒമ്പത് ജില്ലകളിൽ യെല്ലോ അലർട്ട്, വേനൽ മഴയ്ക്കും സാധ്യത



തിരുവനന്തപുരം : സംസ്ഥാനത്ത് വീണ്ടും ഉയർന്ന താപനില മുന്നറിയിപ്പ് നൽകി കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. ഒമ്പത് ജില്ലകളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചു. കൊല്ലം, പാലക്കാട്, കോട്ടയം, തൃശൂർ, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകളിലാണ് മുന്നറിയിപ്പ്. കൊല്ലം, പാലക്കാട് ജില്ലകളിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും കോട്ടയം, തൃശൂർ ജില്ലകളിൽ ഉയർന്ന താപനില 38 ഡിഗ്രി സെൽഷ്യസ് വരെയുമായേക്കും. ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെ തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്.
മലപ്പുറം, കാസർകോട് ഒഴികെയുള്ള ജില്ലകളിൽ ഇന്ന് വേനൽ മഴക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പിൽ പറയുന്നു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
07
24 MARCH 2024
VOL 03 | ISSUE 083 | 782

# ഓൺലൈൻ തട്ടിപ്പുകളിൽ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കണം: നാഷണൽ ഫോറം ഫോർ പീപ്പിൾസ് റൈറ്റ്സ്



ഡൽഹി: ഓൺലൈൻ തട്ടിപ്പുകളിൽ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നും തട്ടിപ്പ് നടത്തിയ വ്യക്തികളുടെ വിശദാംശങ്ങളും തട്ടിപ്പിന്റെ രേഖകളും നല്കിയതിനു ശേഷവും നടപടികൾ സ്വീകരിക്കാത്തത് തട്ടിപ്പുകാർക്ക് പ്രചോദനം ആകുന്നു എന്നും നാഷണൽ ഫോറം ഫോർ പീപ്പിൾസ് റൈറ്റ്സ് ദേശീയ നേതൃ സമ്മേളനം ആവശ്യപ്പെട്ടു. ഡൽഹിയിൽ നടന്ന സമ്മേളനം ദേശീയ ചെയർമാൻ ഡോ. പ്രകാശ് പി. തോമസ് ഉദ്ഘാടനം ചെയ്തു. ദേശീയ വൈസ് പ്രസിഡന്റ് കുർഷിദ് അഹമ്മദ് റിഷി അധ്യക്ഷത വഹിച്ചു. ദേശീയ ഭാരവാഹികളായ അഡ്വ. യെഡൂരി വേണുഗോപാൽ, പി. ആർ. നാഥ്, ശശികുമാർ കാളികാവ് എന്നിവർ പ്രസംഗിച്ചു. ദേശീയ സമ്മേളനം നവംബറിൽ ഹരിയാനയിലെ കർണാളിൽ നടത്തുന്നതിന് തീരുമാനിച്ചു.

## നിത്യതയിൽ



### പാസ്റ്റർ രാജന്റെ പിതാവ് നിത്യതയിൽ

പത്തു കാണി: ന്യൂ ഇന്ത്യാ സഭാംഗവും മാലക്കോട് ന്യൂ ഇന്ത്യാ സഭാ ശുശ്രൂഷകൻ പാസ്റ്റർ രാജന്റെ പിതാവുമായ എ.രാജപ്പൻ (70) ഇന്ന് ഉച്ചക്ക് ശേഷം 3 മണിക്ക് ഹൃദയാഘാതത്തെ തുടർന്ന് നിത്യതയിൽ ചേർക്കപ്പെട്ടു.

ഭൗതിക ശരീരം മലമാരി പാസ്റ്റർ രാജന്റെ സ്വകാര്യ വസതിയിൽ സൂക്ഷിക്കുകയും നാളെ ഉച്ചക്ക് ഒരു മണിക്ക് മലമാരിയിൽ വെച്ച് നടത്തപ്പെടുന്ന അന്തിമ ശുശ്രൂഷകളെ തുടർന്ന് പത്തുകാണി രഹബോത്ത് വില്ലയിലെ പൊതുദർശനത്തിന് ശേഷം സംസക്കരിക്കും. ഭാര്യ: പരേതയായ രാധ, മകൻ പാസ്റ്റർ രാജൻ ന്യൂ ഇന്ത്യാ ദൈവസഭ നെയ്യാറ്റിൻകര റീജിയൺ സെക്രട്ടറിയും കന്യാകുമാരി സെന്റർ ട്രഷററുമാണ്. മരുമകൾ: ഷീബാ രാജൻ, കൊച്ചു മക്കൾ: നിസ്സി, കെസിയ.



### ഗവ. സർവ്വേ ഡിപ്പാർട്ട്മെന്റ് റിട്ട. ഉദ്യോഗസ്ഥ വിക്ടോറിയ ഫെർണാണ്ടസ് നിത്യതയിൽ

മാഹി : മാഹി ചർച്ച് ഓഫ് ഗോഡ് സഭാംഗം പുതുച്ചേരി ഗവ. സർവ്വേ ഡിപാർട്ട്മെന്റിൽ നിന്നും റിട്ടയർ ചെയ്ത വിക്ടോറിയ ഫെർണാണ്ടസ് (62) നിത്യതയിലേക്ക് ചേർക്കപ്പെട്ടു. സംസ്കാരം 24 മാർച്ച് 3 മണിക്ക് ഈങ്ങാപ്പുഴ ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ. വെള്ളിയാഴ്ചയുണ്ടായ ബൈക്ക് അപകടത്തെ തുടർന്ന് തലശ്ശേരി ഇന്ദിരാ ഗാന്ധി ആശുപത്രിയിൽ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു. ഭർത്താവ്: പരേതനായ ജോർജ്ജ് ലോറൻസ്. മക്കൾ: വിജേഷ് ജോർജ്ജ് (ബെഹറിൻ), വിജോയ് ജോർജ്ജ്. മരുമകൾ: ഡോ. മിഖില വിജേഷ്.



മാവേലിക്കര : പെന്തെക്കോസ്തു ദൈവസഭാംഗം കോട്ടപ്പുറത്തു മലയിൽ ആർ. സോമരാജൻ(76) മാർച്ച് 22ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരശുശ്രൂഷ മാർച്ച് 27 രാവിലെ 9 മുതൽ മാവേലിക്കരയിലെ വീട്ടിൽ. ഭാര്യ: ശാന്തമ്മ സോമരാജൻ. മക്കൾ : സിന്ധു, സിലിജ, സന്ധ്യ, സവിത. മരുമക്കൾ : രവി, പാസ്റ്റർ എം. കെ അനിൽ കുമാർ (എജി ആറ്റിങ്ങൽ ടൗൺ ചർച്ച്), രാജേഷ്, അജി വർഗീസ്.



തൃപ്പൂണിത്തുറ: ചോളകത്ത് റിട്ട. അധ്യാപിക ലാലമ്മ ജോൺ (72) അന്തരിച്ചു. സംസ്കാരം പിന്നീട്. പെരുമ്പെട്ടി മുണ്ടുതറയിൽ കുടുബംഗാമാണ്. ഭർത്താവ്: എൽഐസി റിട്ട. ഉദ്യോഗസ്ഥൻ തലവടി ചോളകത്ത് പരേതനായ പാസ്റ്റർ സി.കെ.ജോണിക്കുട്ടി (അബൻഡന്റ് ലൈഫ് ചർച്ച് സ്ഥാപകൻ). സഹോദരങ്ങൾ: എം.എസ്. തോമസ് (ന്യൂയോർക്ക്), പരേതനായ എം.എസ്.വർഗീസ്, ഡോ. സാം സ്കറിയ. മക്കൾ: ഡോ.ബോബി ജോൺ, ബിനു ജോൺ. മരുമക്കൾ: ഡോ. നിർമൽ ജോൺ, പ്രീതി ജോൺ.

# കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഗതാഗതമന്ത്രിയുടെ കത്ത്




തിരുവനന്തപുരം : കെഎസ്ആർടിസി ജീവനക്കാർക്ക് ഗതാഗത മന്ത്രി കെ ബി ഗണേഷ് കുമാറിന്റെ തുറന്ന കത്ത്. യാത്രക്കാരോട് പാലിക്കേണ്ട ചില നിർദേശങ്ങൾ അടങ്ങുന്നതാണ് കത്ത്. ഒരാൾ കൈ കാണിച്ചാലും ബസ് നിർത്തണമെന്നും രാത്രി പത്തിന് ശേഷം സൂപ്പർ ഫാസ്റ്റ് ബസുകളും അതിന് താഴെയുള്ളവയും യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് നിർത്തണമെന്നും വിശദീകരിച്ചാണ് ജീവനക്കാർക്ക് കത്തയച്ചത്. കത്തിന്റെ പൂർണ്ണ പകർപ്പും അദ്ദേഹം തന്റെ ഫേസ്ബുക്കിൽ പങ്കുവച്ചിട്ടുണ്ട്. സ്ത്രീകളെയും കുട്ടികളെയും ഇരുട്ടിൽ ഇറക്കി വിടരുതെന്നും മന്ത്രി ആവശ്യപ്പെട്ടു. ബസ് ഓടിക്കുമ്പോൾ നിരത്തിലുള്ള ചെറു വാഹനങ്ങളെയും കാൽനടയാത്രക്കാരെയും കരുതലോടെ കാണണമെന്നും നിർദേശിക്കുന്നു. മുതിർന്ന സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളും ബസ്സിന്റെ ഉയരമുള്ള പടി കയറുവാൻ വിഷമത അനുഭവിക്കുന്നത് കണ്ടാൽ അവരെ കൈപിടിച്ച് ബസിൽ കയറാൻ സഹായിക്കണം. നമ്മുടെ കുടുംബത്തിലെ ഒരംഗമാണ് കയറിവരുന്നതെന്ന് കരുതണം.

മോശമായ സമീപനം ഉണ്ടായാൽ നടപടിയെടുക്കുമെന്നും ഗണേഷ്കുമാർ മുന്നറിയിപ്പ് നൽകി. ഒരേ റൂട്ടിലേക്ക് ഒന്നിന്നു പിറകേ ഒന്നായി വരിവരിയായി ബസുകൾ സർവ്വീസ് നടത്തുന്ന പ്രവണത ഒരു കാരണവശാലും ഉണ്ടാകരുത്. ഇത്തരം പ്രവണത കണ്ടാൽ ജീവനക്കാർ തന്നെ അധികൃതരെ അറിയിക്കണം. കെഎസ്ആർടിസിയുടെ പണം ഉപയോഗിക്കാതെ തന്നെ ജീവനക്കാർക്ക് വിശ്രമിക്കാൻ എസി മുറികൾ ഉണ്ടാക്കും. ജീവനക്കാർക്ക് ആരോഗ്യ പരിശോധനയും തുടർ ചികിത്സയും ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. സ്പോൺസർഷിപ്പ് വഴി കെഎസ്ആർടിസി സ്റ്റേഷനുകൾ നവീകരിക്കുന്നതിനും പദ്ധതിയുണ്ടെന്ന് മന്ത്രി പറഞ്ഞു.









തയ്യാറാക്കിയത്:
സിസ്റ്റർ ദീപ്തി മന്മഥൻ


## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: സദൃശ്യവാക്യം 10 - 12**

1. തുറന്ന് ശാസിക്കുന്നവൻ ഉണ്ടാക്കുന്നതെന്ത് ?
2. എന്ത് ത്യജിക്കുന്നവനാണ് ഉഴന്ന് നടക്കുന്നത് ?
3. സ്വന്ത പ്രാണന് നന്മ ചെയ്യുന്നതാര് ?
4. ദുഷ്ടന്മാരുടെ ഉള്ളം എങ്ങനെയുള്ളതാണ് ?
5. നീതിമാൻമാരുടെ വിചാരങ്ങൾ എങ്ങനെയുള്ളവ ?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. സഖി. (7:4)
2. ജ്ഞാനം (8:11)
3. സൂഷ്മബുദ്ധിയെ (8:12)
4. ജ്ഞാനിയെ. (9:8)
5. ലജ്ജ. (9:7)






# CHRISTIAN LIVE DAILY

24 MARCH 2024
VOL 03
ISSUE 083 | 782

ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220



